# തപസ്സ് തന്നെയാണ് ഏറ്റവും വലിയ ആഘോഷം തപസ്സ് അർത്ഥം ബാബയുമായി സന്തോഷം ആഘോഷിക്കുക

ഇന്ന് ബാപ്ദാദ നാനാ ഭാഗത്തുമുള്ള പുതിയ അറിവിലൂടെ സദാ പുതിയ ജീവിതം, പുതിയ മനോഭാവന, പുതിയ ദൃഷ്ടി, പുതിയ സൃഷ്ടി അനുഭവം ചെയ്യുന്ന കുട്ടികൾക്ക് സ്നേഹത്തിന്റെ ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. ഈ സമയത്ത് നാനാ ഭാഗത്തുമുള്ള കുട്ടികൾ തന്റെ ഹൃദയമാകുന്ന ദൂരദർശനിലൂടെ വർത്തമാന സമയത്തെ ദിവ്യ ദൃശ്യം കണ്ടു കൊണ്ടിരിക്കുകയായിരുന്നു. സർവ്വരുടെയും ഒരേയൊരു സങ്കല്പം –ദൂരെയായിട്ടും സമീപത്തുള്ള അനുഭവം ചെയ്യുന്നു. ബാപ്ദാദായും സർവ്വ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു.സർവ്വരുടെയും പുതിയ ഉണർവ്വും ഉത്സാഹത്തിന്റെ ഹൃദയത്തിന്റെ ആശംസകളുടെ നാദം കേൾക്കുകയായിരുന്നു. സർവ്വരുടെയും വ്യത്യസ്ഥമായ സ്നേഹം നിറഞ്ഞ നാദം വളരെ സുന്ദരമാണ് അതിനാൽ സർവ്വർക്കും ഒപ്പത്തിനൊപ്പം റിട്ടേണായി മറുപടി നല്കി കൊണ്ടിരിക്കുകയാണ്. പുതു വർഷത്തിന്റെയും, പുതിയ ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും സദാ സ്വയത്തിൽ ദിവ്യത കൊണ്ടു വരുന്നതിന്റെയും ആശംസകൾ നേരുന്നു. കേവലം ഇന്ന് പുതു വർഷം കാരണമല്ല ആശംസകൾ, എന്നാൽ അവിനാശിയായ ബാബയുടെ അവിനാശിയായ സ്നേഹം നിറവേറ്റുന്ന കുട്ടികൾക്ക് സംഗമയുഗത്തിലെ ഓരോ നിമിഷം ജീവിതത്തിൽ നവീനത കൊണ്ടു വരുന്നതാണ് അതിനാൽ ഓരോ നിമിഷവും അവിനാശി ബാബയുടെ അവിനാശി ആശംസകൾ. ബാപ്ദാദായുടെ വിശേഷ സന്തോഷം നിറഞ്ഞ ആശംസകളിലൂടെ തന്നെയാണ് സർവ്വ ബ്രാഹ്മണരും അഭിവൃദ്ധി പ്രാപ്തമാക്കി കൊണ്ടിരിക്കുന്നത്. ബ്രാഹ്മണ ജീവിതത്തിന്റെ പാലനയുടെ ആധാരം തന്നെ ആശംസകളാണ്. ആശംസകളുടെ സന്തോഷത്തിലൂടെ തന്നെയാണ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. ബാബയുടെ സ്വരൂപത്തിൽ സദാ ആശംസകൾ തന്നെയാണ്. ടീച്ചറിന്റെ സ്വരൂപത്തിൽ സദാ ശബാഷ്, ശബാഷ് എന്ന വാക്കുകൾ ബഹുമതിയോടെ പാസാക്കി കൊണ്ടിരിക്കുന്നു. സത്ഗുരുവിന്റെ രൂപത്തിൽ സദാ ശ്രേഷ്ഠ കർമ്മത്തിന്റെ ആശീർവാദം സഹജവും ആനന്ദവും നിറഞ്ഞ ജീവിതത്തിന്റെ അനുഭവം ചെയ്യിച്ചു കൊണ്ടിരിക്കുന്നു. അതിനാൽ കോടിമടങ്ങ് ഭാഗ്യവാൻമാരാണ്. ഭാഗ്യവിദാതാവായ ഭഗവാന്റെ മക്കളായി അർത്ഥം സമ്പൂർണ്ണമായ ഭാഗ്യത്തിന്റെ അധികാരിയായി. മനുഷ്യർ വിശേഷ ദിനത്തിൽ വിശേഷ ആശംസകൾ നല്കുന്നു, നിങ്ങൾക്ക് കേവലം പുതു വർഷത്തിന്റെ ആശംസകൾ മാത്രമാണോ ലഭിക്കുന്നത്? ആദ്യത്തെ ദിനം കഴിയുമ്പോൾ രണ്ടാമത്തെ ദിനം വരും, അപ്പോൾ ആശംസകൾ സമാപ്തമാകുമോ? നിങ്ങൾക്ക് സദാ ഓരോ നിമിഷവും വിശേഷമാണ്. സംഗമയുഗം വിശേഷപ്പെട്ട യുഗമാണ്, ആശംസകളുടെ യുഗമാണ്. അമൃതവേളയിൽ ദിവസവും ബാബയിൽ നിന്നും ആശംസകൾ എടുക്കുന്നുണ്ടല്ലോ. ഇത് നിമിത്തം മാത്രമായി ആ ദിനത്തിൽ ആഘോഷിക്കുന്നു. എന്നാൽ സദാ ഓർമ്മിക്കൂ– ഓരോ നിമിഷവും ആനന്ദത്തിന്റെ നിമിഷമാണ്. ആനന്ദം തന്നെ ആനന്ദമല്ലേ? ആരെങ്കിലും ചോദിക്കുകയാണ് നിങ്ങളുടെ ജീവിതത്തിൽ എന്താണ്? എന്ത് ഉത്തരം നല്കും? ആനന്ദം തന്നെ ആനന്ദം എന്നല്ലേ. മുഴുവൻ കല്പത്തിലെ ആനന്ദം ഈ ജീവിതത്തിൽ അനുഭവിക്കുന്നു കാരണം ബാബയെ മിലനം ചെയ്യുന്നതിന്റെ ആനന്ദത്തിന്റെ അനുഭവം മുഴുവൻ കല്പത്തിലെ രാജ്യ അധികാരി, പൂജനീയ അധികാരി– രണ്ടും അനുഭവം ചെയ്യിക്കുന്നു. പൂജനീയ സ്ഥിതിയുടെ ആനന്ദം, രാജ്യം ഭരിക്കുന്നതിന്റെ ആനന്ദം– രണ്ടിന്റെയും അറിവ് ഇപ്പോഴാണ് ഉള്ളത്, അതിനാൽ ഇപ്പോഴാണ് ആനന്ദം.

ഈ വർഷം എന്ത് ചെയ്യും? നവീനത കാണിക്കില്ലേ. ഈ വർഷത്തെ ആഘോഷത്തിന്റെ വർഷമായി കാണണം. ചിന്തിക്കുന്നു– തപസ്സ് ചെയ്യണോ അതോ ആഘോഷിക്കണോ എന്ന്. തപസ്സ് തന്നെയാണ് ഏറ്റവും വലുതിലും വച്ച് വലിയ ആഘോഷം കാരണം ഹഠയോഗം ചെയ്യേണ്ട. തപസ്യ അർത്ഥം ബാബയുമായി ആനന്ദം ആഘോഷിക്കുക. മിലനത്തിന്റെ ആനന്ദം, സർവ്വ പ്രാപ്തികളുടെ ആനന്ദം, സമീപതയുടെ അനുഭവത്തിന്റെ ആനന്ദം, സമാനമായ സ്ഥിതിയുടെ ആനന്ദം. അപ്പോൾ ഇത് ആഘോഷമായില്ലേ. സേവനത്തിന്റെ വലുതിലും വച്ച് വലിയ ആഘോഷം ചെയ്യില്ല, എന്നാൽ തപസ്യയുടെ അന്തരീക്ഷം വാക്കുകളുടെ ഉത്സവത്തേക്കാൾ കൂടുതൽ ആത്മാക്കളെ ബാബയുടെ നേർക്ക് ആകർഷിക്കും. തപസ്യ ആത്മീയ കാന്തമാണ്, ആത്മാക്കൾക്ക് ശാന്തിയുടെയും ശക്തിയുടെയും അനുഭവം ദൂരെ നിന്ന് തന്നെയുണ്ടാകും. അതിനാൽ സ്വയത്തിൽ എന്ത് നവീനത കൊണ്ടു വരും? നവീനത തന്നെയല്ലേ സർവ്വർക്കും പ്രിയം. അതിനാൽ സദാ സ്വയത്തെ ചെക്ക് ചെയ്യൂ– ഇന്നത്തെ ദിനത്തിൽ മനസ്സാ അർത്ഥം സ്വയത്തിന്റെ സങ്കല്പ ശക്തിയിൽ വിശേഷിച്ചും എന്ത് വിശേഷത കൊണ്ടു വന്നു? അന്യാത്മാക്കളെ പ്രതി മനസ്സാ സേവനം അർത്ഥം ശുഭ ഭാവന, ശുഭ കാമനയുടെ വിധിയിലൂടെ എത്ര അഭിവൃദ്ധി പ്രാപ്തമാക്കി? അർത്ഥം ശ്രേഷ്ഠതയുടെ നവീനത എന്ത് കൊണ്ടു വന്നു? അതോടൊപ്പം വാക്കുകളിൽ മധുരത, സന്തുഷ്ടത, സരളതയുടെ നവീനത എത്രത്തോളം കൊണ്ടു വന്നു? ബ്രാഹ്മണാത്മാക്കളുടെ വാക്കുകൾ സാധാരണ വാക്കു

കളല്ല. വാക്കുകളിൽ ഈ മൂന്ന് കാര്യങ്ങളിലൂടെ സ്വയത്തിനും അന്യാത്മാക്കൾക്കും അനുഭവമുണ്ടാകണം. ഇതിനെയാണ് നവീനതയെന്ന് പറയുന്നത്. അതോടൊപ്പം ഓരോ കർമ്മത്തിലും നവീനത അർത്ഥം ഓരോ കർമ്മത്തിൽ സ്വയത്തെ പ്രതി അഥവാ അന്യാത്മാക്കളെ പ്രതി പ്രാപ്തിയുടെ അനുഭവം ചെയ്യിക്കും. കർമ്മത്തിന്റെ പ്രത്യക്ഷ ഫലം അഥവാ ഭാവിയിലെ ശേഖരണത്തിന്റെ ഫലം അനുഭവപ്പെടണം. വർത്തമാന സമയത്ത് പ്രത്യക്ഷ ഫലം സദാ സന്തോഷം, ശക്തിയുടെ പ്രസന്നതയുടെ അനുഭവമുണ്ടാകും, ഭാവിയിലെ സമ്പാദ്യത്തിന്റെയും അനുഭവമുണ്ടാകും. അതിനാൽ സദാ സ്വയത്തെ സമ്പന്നമാണെന്ന അനുഭവം ചെയ്യും. കർമ്മമാകുന്ന ബീജം പ്രാപ്തിയുടെ വൃക്ഷത്താൽ സമ്പന്നമാണ്. ശൂന്യമല്ല. സമ്പന്നമായ ആത്മാവിന്റെ സ്വാഭാവികമായ ലഹരി അലൗകീകമായിരിക്കും. അതിനാൽ അങ്ങനെയുള്ള നവീനതയുടെ കാര്യം ചെയ്തോ? അതോടൊപ്പം സമ്പർക്കത്തിൽ എന്ത് നവീനത കൊണ്ട് വരണം? ഈ വർഷം ദാതാവിന്റെ മക്കൾ മാസ്റ്റർ ദാതാവാണ്– ഈ സ്മൃതി സ്വരൂപത്തിൽ അനുഭവം ചെയ്യൂ. ബ്രാഹ്മണാത്മാവാകട്ടെ, സാധാരണ ആത്മാവാകട്ടെ, എന്നാൽ സമ്പർക്കത്തിൽ വരുന്ന ആത്മാക്കൾക്ക് മാസ്റ്റർ ദാതാവിലൂടെ പ്രാപ്തിയുടെ അനുഭവമുണ്ടാകണം. ധൈര്യം ലഭിക്കാം, ഉണർവ്വും ഉത്സാഹവും ലഭിക്കാം, ശാന്തി അഥവാ ശക്തി ലഭിക്കാം, സന്തോഷം, സഹജമായ വിധി ലഭിക്കാം– അനുഭവത്തിന്റെ അഭിവൃദ്ധിയുടെ അനുഭൂതിയുണ്ടാകണം. ഓരോരുത്തർക്കും എന്തെങ്കിലും നല്കണം, എടുക്കരുത്, നല്കണം. നല്കുന്നതിൽ എടുക്കുന്നത് അടങ്ങിയിട്ടുണ്ട്. എന്നാൽ ആത്മാവായ എനിക്ക് മാസ്റ്റർ ദാതാവാകണം. ഇതിനനുസരിച്ച് തന്റെ സ്വഭാവ സംസ്ക്കാരത്തിൽ ബാബയ്ക്ക് സമാനമാകുന്നതിന്റെ നവീനത കൊണ്ടു വരണം. എന്റെ സ്വഭാവമല്ല, എന്താണൊ ബാബയുടെ സ്വഭാവം അത് തന്നെയാണ് എന്റേയും. ബ്രഹ്മാവിന്റെ സംസ്ക്കാരം തന്നെയാണ് ബ്രാഹ്മണരുടെയും സംസ്ക്കാരം. അങ്ങനെ സദാ സ്വയത്തിൽ നവീനത കൊണ്ടു വന്ന് പുതിയ ലോകത്തിന്റെ സ്ഥാപന സ്വതവേയുണ്ടാകും. അപ്പോൾ മനസ്സിലായോ പുതിയ വർഷത്തിൽ എന്ത് ചെയ്യും? കഴിഞ്ഞു പോയ വർഷത്തിന്റെ സമാപ്തി ആഘോഷിക്കുക, ഭാവിയിലെ സഫലതയുടെ ഉത്സവം ആഘോഷിക്കുക. ഈ വർഷം ആഘോഷത്തിന്റേതാക്കുന്നതിന് പറന്നു കൊണ്ടിരിക്കണം.

ഡബിൾ വിദേശികൾ സന്തോഷമായിരിക്കാനല്ലേ ഇഷ്ടപ്പെടുന്നത്. അതിനാൽ സന്തോഷത്തിനായി രണ്ട് വാക്കുകൾ സദാ ഓർമ്മിക്കണം– ഒന്ന് ഡോട്ട്, രണ്ട് നോട്ട്. ആരെ നോട്ട് ചെയ്യണം (നോക്കണം)– ഇതറിയാമല്ലോ. മായയെ നോട്ട് അലൗ ചെയ്യണം(വരാൻ അനുവദിക്കരുത്). നോട്ട് ചെയ്യാൻ അറിയാമല്ലോ? അതോ കുറച്ച് കുറച്ച് അനുവദിക്കുമോ? ഡോട്ട് ഇടൂ എങ്കിൽ നോട്ട് ആയി മാറും. ഡബിൾ ലഹരിയില്ലേ. ഭാരതവാസികൾ എന്ത് ചെയ്യും? ഭാരതം മഹാൻ ദേശമാണ്– ഇത് ഇന്നത്തെ കാലത്തെ സ്ലോഗനാണ്. ഭാരതത്തിലെ തന്നെ മഹാനായ ആത്മാക്കളെയാണ് മഹാനാത്മാക്കൾ എന്ന് പറയുന്നത്. അതിനാൽ സദാ തന്റെ മഹാനതയിലൂടെ ഭാരതം മഹാനാത്മാക്കളുടെ സ്ഥാനം, ദേവാത്മാക്കളുടെ സ്ഥാനം സാകാര രൂപത്തിൽ സൃഷ്ടിക്കും. ചിത്രം സമാപ്തമായി ചൈതന്യ ദേവാത്മാക്കളുടെ സ്ഥാനമായി സർവ്വരെ കാണിക്കും. അതിനാൽ ഡബിൾ വിദേശിയും ഭാരത നിവാസികളുമല്ലേ, രണ്ടു പേരും മധുബൻ നിവാസികളാണ്. ശരി.

നാനാ ഭാഗത്തുമുള്ള സർവ്വ മാസ്റ്റർ ദാതാവായ ആത്മാക്കൾക്ക്, സദാ ബാബയിലൂടെ ആശംസകൾ പ്രാപ്തമാക്കുന്ന വിശേഷാത്മാക്കൾക്ക്, സദാ ആനന്ദത്തിലിരിക്കുന്ന ഭാഗ്യവാനായ ആത്മാക്കൾക്ക്, സദാ സ്വയത്തിൽ നവീനത കൊണ്ടു വരുന്ന മഹാനാത്മാക്കൾക്ക്, ഫരിസ്ഥ തന്നെ ദേവാത്മാവാകുന്ന സർവ്വ ശ്രേഷ്ഠ ആത്മാക്കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ. ഓരോ നിമിഷത്തിന്റെയും ആശംസകളും നമസ്തേയും.

**പാർട്ടികളുമായുള്ള അവ്യക്ത ബാപ്ദാദായുടെ മിലനം:**

1) അചഞ്ചലരും സുദൃഢരുമായ ആത്മാക്കളാണ്– അങ്ങനെയുള്ള അനുഭവം ചെയ്യുന്നുണ്ടോ? ഒരു ഭാഗത്ത് ചഞ്ചലത, മറു ഭാഗത്ത് നിങ്ങൾ ബ്രാഹ്മണാത്മാക്കൾ സദാ അചഞ്ചലരാണ്. എത്രത്തോളം അവിടെ ചഞ്ചലതയുണ്ടോ അത്രത്തോളം നിങ്ങളുടെയുള്ളിൽ അചഞ്ചലവും സുദൃഢവുമായ സ്ഥിതിയുടെ അനുഭവം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. എന്ത് സംഭവിച്ചാലും, ഏറ്റവും സഹജമായ യുക്തിയാണ്– നഥിംഗ് ന്യൂ(ഒന്നിം പുതിയതല്ല). ഒരു കാര്യവും പുതിയതല്ല. ഇടയ്ക്ക് ആശ്ചര്യം തോന്നുന്നുണ്ട്– ഇതെന്താണ് നടക്കുന്നത്, എന്ത് സംഭവിക്കും എന്ന്. പുതിയ കാര്യമാകുമ്പോഴാണ് ആശ്ചര്യം ഉണ്ടാകുന്നത്. ചിന്തിക്കാത്ത, കേൾക്കാത്ത, മനസ്സിലാക്കാത്ത കാര്യം പെട്ടെന്ന് സംഭവിക്കുമ്പോഴാണ് ആശ്ച്യം തോന്നുന്നത്. അതിനാൽ ആശ്ചര്യമല്ല, ഫുൾസ്റ്റോപ്പിടണം. ലോകം ആശയക്കുഴപ്പത്തിലാണ്, നിങ്ങൾ സന്തോഷത്തിലിരിക്കുന്നു. ലോകത്തിലുള്ളവർ ചെറിയ ചെറിയ കാര്യങ്ങളിൽ ആശയക്കുഴപ്പത്തിൽ വരുന്നു– എന്ത് ചെയ്യാം, എങ്ങനെ ചെയ്യാം...നിങ്ങൾ സദാ ആനന്ദത്തിലാണ്, സംശയം സമാപ്തം. ബ്രാഹ്മണർ അർത്ഥം സന്തോഷം. ക്ഷത്രിയർ അർത്ഥം ആശയക്കുഴപ്പം. ഇടയ്ക്ക് സന്തോഷം, ഇടയ്ക്ക് ആശയക്കുഴപ്പം. നിങ്ങളെല്ലാവരും നിങ്ങളുടെ പേര് പറയുന്നത്– ബ്രഹ്മാകുമാർ കുമാരിയെന്നാണ്. ക്ഷത്രിയ കുമാർ കുമാരി എന്ന് പറയി

ല്ലല്ലോ? സദാ തന്റെ ഭാഗ്യത്തിന്റെ സന്തോഷത്തിലിരിക്കുന്നവരാണ്. ഹൃദയത്തിൽ സദാ സ്വതവേ ഒരു ഗീതം മുഴങ്ങുന്നു– ആഹാ ബാബാ, ആഹാ എന്റെ ഭാഗ്യം. ഈ ഗീതം മുഴങ്ങി കൊണ്ടിരിക്കുന്നു. ഇത് മുഴക്കേണ്ട ആവശ്യമില്ല. ഇത് അനാദിയായി മുഴങ്ങി കൊണ്ടിരിക്കുന്നു. അയ്യോ അയ്യോ എന്ന നിലവിളി സമാപ്തമായി, ഇപ്പോഴാണ് ആഹാ, ആഹാ. അയ്യോ അയ്യോ എന്ന് വിളിക്കുന്നവർ ഭൂരിപക്ഷം പേരുണ്ട്. ആഹാ ആഹാ എന്ന് പറയുന്നവർ വളരെ കുറച്ച് പേരാണ്. അതിനാൽ പുതു വർഷത്തിൽ എന്ത് ഓർമ്മിക്കും? ആഹാ, ആഹാ. എന്താണോ മുന്നിൽ കണ്ടത്, കേട്ടത്, പറഞ്ഞത്– സർവ്വതും ആഹാ, ആഹാ, അയ്യോ അയ്യോ എന്നല്ല. അയ്യോ ഇതെന്തായി. അങ്ങനെയല്ല, ആഹാ, ഇത് വളരെ നല്ലതാണ് സംഭവിച്ചത്. ആര് മോശമായത് ചെയ്താലും നിങ്ങൾ തന്റെ ശക്തിയിലൂടെ മോശമായതിനെ നല്ലതിലേക്ക് പരിവർത്തനപ്പെടുത്തൂ. ഇത് തന്നെയല്ലേ പരിവർത്തനം. തന്റെ ബ്രാഹ്മണ ജീവിതത്തിൽ മോശമായത് സംഭവിക്കുന്നേയില്ല. ആര് ഗ്ലാനി ചെയ്യുന്നുണ്ടെങ്കിലും അവരുടെ മേൽ അർപ്പണമാകണം, അവരാണ് സഹനശക്തിയുടെ പാഠം ഘഠിപ്പിച്ചത്. അർപ്പണമായില്ലേ, നിങ്ങളുടെ മാസ്റ്റർ ആയി. സഹനശക്തി എത്രത്തോളമുണ്ടെന്ന് അറിയാൻ സാധിച്ചില്ലേ? ബ്രാഹ്മണരുടെ ദൃഷ്ടിയിൽ മോശമായത് സംഭവിക്കുന്നേയില്ല. ബ്രാഹ്മണരുടെ ചെവികളിൽ മോശമായത് കേൾക്കാനേ സാധിക്കുന്നില്ല അതിനാൽ ബ്രാഹ്മണ ജീവിതം ആനന്ദത്തിന്റെ ജീവിതമാണ്. ഇപ്പോളിപ്പോൾ മോശമായത്, ഇപ്പോളിപ്പോൾ നല്ലത് എങ്കിൽ സന്തോഷം ഉണ്ടായിരിക്കില്ല. സദാ ആനന്ദം തന്നെ ആനന്ദമാണ്. മുഴുവൻ കല്പത്തിൽ ബ്രഹ്മാകുമാർ കുമാരി ശ്രേഷ്ഠമാണ്. ദേവാത്മാക്കളും ബ്രാഹ്മണരുടെ മുന്നിൽ ഒന്നും തന്നെയല്ല. സദാ ഈ ലഹരിയിലിരിക്കൂ, സദാ സന്തോഷത്തോടെയിരിക്കൂ, മറ്റുള്ളവരെ സദാ സന്തോഷമാക്കി വയ്ക്കൂ. സ്വയം സന്തോഷത്തോടെയിരിക്കൂ, മറ്റുള്ളവരെയും വയ്ക്കൂ. ഞാൻ സന്തോഷമായിട്ടിരിക്കുന്നു, അവരല്ല. എനിക്കും സർവ്വരെയും സന്തോഷത്തോടെ വയ്ക്കാൻ സാധിക്കണം. ഞാൻ സന്തോഷമാണ്– ഇതും സ്വാർത്ഥതയാണ്. ബ്രാഹ്മണരുടെ സേവനമെന്താണ്? ജ്ഞാനം നല്കുന്നത് തന്നെ സന്തോഷത്തിനായാണ്.

2) വിശ്വത്തിൽ എത്രത്തോളം ശ്രേഷ്ഠാത്മാക്കളുണ്ടോ അവരേക്കാൾ നിങ്ങൾ എത്ര ശ്രേഷ്ഠമാണ്. ബാബ നിങ്ങളുടേതായി. അതിനാൽ നിങ്ങൾ എത്ര ശ്രേഷ്ഠമായി. സർവ്വ ശ്രേഷ്ഠമായി. സദാ ഇത് സ്മൃതിയിൽ വയ്ക്കൂ– ഉയർന്നതിലും വച്ച് ഉയർന്ന ബാബ സർവ്വ ശ്രേഷ്ഠാത്മാവാക്കി മാറ്റി. ദൃഷ്ടി എത്ര ഉയർന്നതായി മാറി. മനോ ഭാവന എത്ര ഉയർന്നതായി മാറി. സർവ്വതും പരിവർത്തനപ്പെട്ടു. ഇപ്പോൾ ആരെയെങ്കിലും കാണുമ്പോൾ ആത്മ ദൃഷ്ടിയിലൂടെ കാണും, സർവ്വരെ പ്രതി മംഗളത്തിന്റെ ഭാവനയായി. ബ്രാഹ്മണ ജീവിതം അർത്ഥം ഓരോ ആത്മാവിനെ പ്രതി ദൃഷ്ടി മനോഭാവന ശ്രേഷ്ഠമായി.

3) സ്വയം സഫലതയുടെ നക്ഷത്രമാണ്– എന്ന അനുഭവം ചെയ്യുന്നുണ്ടോ? സർവ്വശക്തികൾ ഉള്ളയിടത്ത് സഫലത ജന്മ സിദ്ധകാരമാണ്. ഏതൊരു കാര്യം ചെയ്യുമ്പോഴും, ശരീരത്തിന് വേണ്ടിയുള്ളതാകട്ടെ, ഈശ്വരീയ സേവനമാകട്ടെ. കാര്യം ചെയ്യുന്നതിന് മുമ്പ് ഈ നിശ്ചയം വയ്ക്കൂ. നിശ്ചയം വയ്ക്കുന്നത് നല്ല കാര്യമാണ് എന്നാൽ പ്രാക്ടിക്കലിൽ അനുഭവി ആത്മാവായി നിശ്ചയത്തിലും ലഹരിയിലുമിരിക്കൂ. സർവ്വ ശക്തികൾ ഈ ബ്രാഹ്മണ ജീവിതത്തിൽ സഫലതയുടെ സഹജമായ സാധനമാണ്. സർവ്വ ശക്തികളുടെയും അധികാരിയാണ് അതിനാൽ ഏതൊരു ശക്തിയെയും ഏത് സമയത്ത് ഓർഡർ ചെയ്താലും ആ സമയത്ത് ഹാജരാകണം. ഏതു പോലെ സേവാധാരിയെ ഏത് സമയത്ത് ഓർഡർ ചെയ്താലും സേവനത്തിനായി തയ്യാറാകുന്നു അതേപോലെ സർവ്വ ശക്തികൾ നിങ്ങളുടെ ഓർഡറിലായിരിക്കണം. എത്രത്തോളം മാസ്റ്റർ സർവ്വശക്തിവാന്റെ സീറ്റിൽ സെറ്റാകുന്നുവൊ അത്രത്തോളം സർവ്വശക്തികൾ സദാ ഓർഡറിലായിരിക്കും. കുറച്ചെങ്കിലും സ്മൃതിയുടെ സീറ്റിൽ നിന്നും താഴേക്ക് വന്നാൽ ശക്തികൾ ഓർഡർ അനുസരിക്കില്ല. വേലക്കാരിൽ ചിലർ അനുസരണയുള്ളവരായിരിക്കും, ചിലർ അനുസരിക്കില്ല. അപ്പോൾ നിങ്ങളുടെ മുന്നിൽ സർവ്വ ശക്തികൾ എങ്ങനെയാണ്? അനുസരണയുള്ളവരാണോ അതോ കുറച്ച് കഴിഞ്ഞാണോ വരുന്നത്? ഏതു പോലെ ഈ സ്ഥൂല കർമ്മേന്ദ്രിയങ്ങളെ, ഏത് സമയത്ത് എങ്ങനെ ഓർഡർ ചെയ്യുന്നുവോ ആ സമയത്ത് അത് ഓർഡർ അനുസരിച്ച് നടക്കുന്നു, അതേപോലെ സൂക്ഷ്മ ശക്തികളും നിങ്ങളുടെ ഓർഡർ അനുസരിക്കണം. ചെക്ക് ചെയ്യൂ– മുഴുവൻ ദിനം സർവ്വശക്തികൾ ഓർഡറിലായിരുന്നോ? കാരണം ഈ സർവ്വശക്തികൾ ഇപ്പോൾ മുതലേ നിങ്ങളുടെ ഓർഡറിലാണെങ്കിലേ അന്തിമത്തിൽ നിങ്ങൾക്ക് സഫലത പ്രാപ്തമാക്കാൻ സാധിക്കുകയുള്ളൂ. ഇതിന് വേണ്ടി വളരെ ക്കാലത്തെ അഭ്യാസം ഉണ്ടായിരിക്കണം. അതിനാൽ ഈ വർഷത്തിൽ ഓർഡറനുസരിച്ച് നടത്തിക്കുന്നതിനുള്ള വിശേഷ അഭ്യാസം ചെയ്യണം കാരണം വിശ്വത്തിന്റെ രാജ്യം പ്രാപ്തമാക്കണ്ടേ. വിശ്വ രാജ്യ അധികാരിയാകുന്നതിന് മുമ്പേ സ്വരാജ്യ അധികാരി യാകൂ.

നിശ്ചയവും ലഹരിയും ഓരോ കുട്ടിയെയും പറക്കുന്ന കലയുടെ അനുഭവം ചെയ്യിച്ചു കൊണ്ടിരിക്കുന്നു. ഡബിൾ വിദേശികൾ ഭാഗ്യശാലികളാണ്, പറക്കുന്ന കലയുടെ സമയത്തെത്തി ചേർന്നു. കയറുന്നതിനുള്ള പരിശ്രമം ചെയ്യേണ്ടി വരുന്നില്ല. വിജയത്തിന്റെ തിലകം സദാ മസ്തകത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്നു. ഈ വിജയ തിലകം മറ്റുള്ളവർക്കും സന്തോഷം നല്കും കാരണം വിജയി ആത്മാവിന്റെ മുഖം

സദാ ഹർഷിതമായിരിക്കും. അതിനാൽ നിങ്ങളുടെ ഹർഷിതമായ മുഖം കണ്ട് സർവ്വരും സന്തോഷത്തിന്റെ നേർക്ക് ആകർഷിക്കപ്പെടുന്നു കാരണം ലോകത്തിലെ ആത്മാക്കൾ സന്തോഷത്തെ അന്വേഷിച്ചു കൊണ്ടിരിക്കുന്നു, നിങ്ങളുടെ മുഖത്തിൽ സന്തോഷത്തിന്റെ തിളക്കം കാണുമ്പോൾ സ്വയവും സന്തോഷിക്കുന്നു. അവർ മനസ്സിലാക്കുന്നു ഇവർക്ക് എന്തോ പ്രാപ്തിയുണ്ടായിട്ടുണ്ട് എന്ന്. മുന്നോട്ട് പോകുന്തോറും നിങ്ങളുടെ മുഖം സന്തോഷത്തിന്റെ ആകർഷണത്താൽ കൂടുതൽ സമീപത്ത് കൊണ്ടു വരും. മറ്റുള്ളവർക്ക് കേൾക്കാൻ സമയമില്ലായെങ്കിലും സെക്കന്റിൽ നിങ്ങളുടെ മുഖം ആ ആത്മാക്കളുടെ സേവനം ചെയ്യും. നിങ്ങളെല്ലാവരും സ്നേഹവും സന്തോഷവും കണ്ടല്ലേ ബ്രാഹ്മണരായത്. അതിനാൽ തപസ്യാ വർഷത്തിൽ അങ്ങനെയുള്ള സേവനം ചെയ്യണം.

4)ഒരേയൊരു ബാബ രണ്ടാമതായി ആരുമില്ല- ഇങ്ങനെയുള്ള സ്ഥിതിയിൽ സദാ സ്ഥിതി ചെയ്യുന്ന സഹയോഗി ആത്മാവാണോ? ഒന്നിനെ ഓർമ്മിക്കാൻ സഹജമാണ്. അനേകം പേരെ ഓർമ്മിക്കാനാണ് പ്രയാസം. അനേകം വിസ്താരങ്ങളെ ഉപേക്ഷിച്ച് സാര സ്വരൂപത്തിൽ ഒരേയൊരു ബാബ- ഈ അനുഭവത്തിൽ എത്ര സന്തോഷമുണ്ട്. സന്തോഷം ജന്മസിദ്ധ അധികാരമാണ്, ബാബയുടെ ഖജനാവാണ് അതിനാൽ ബാബയുടെ ഖജനാവ് കുട്ടികൾക്ക് ജന്മസിദ്ധ അധികാരമാണ്. തന്റെ ഖജനാവാകുമ്പോൾ എന്റേതെന്ന അഭിമാനമുണ്ടല്ലോ. ലഭിച്ചത് ആരിൽ നിന്നാണ്? അവിനാശിയായ ബാബയിൽ നിന്ന്. അതിനാൽ അവിനാശിയായ ബാബ നല്കുന്നതും അവിനാശിയായിരിക്കും. അവിനാശി ഖജനാവിന്റെ ലഹരിയും അവിനാശിയാണ്. ഈ ലഹരി വിടുവിക്കാൻ ആർക്കും സാധിക്കുകയില്ല കാരണം ഇത് നഷ്ടം വരുത്തുന്ന ലഹരിയല്ല. ഇത് പ്രാപ്തി നേടി തരുന്ന ലഹരിയാണ്. അത് പ്രാപ്തികൾ നഷ്ടപ്പെടുത്തുന്ന ലഹരിയാണ്. അതിനാൽ സദാ എന്ത് ഓർമ്മയുണ്ട്? ഒരേയൊരു ബാബ രണ്ടാമതായി ആരുമില്ല. രണ്ടാമത്-മൂന്നാമത് വന്നുവെങ്കിൽ ഉരസലുണ്ടാകുന്നു. ഒരേയൊരു ബാബയാണെങ്കിൽ സ്ഥിതി ഏകരസമായിരിക്കും. ഒന്നിന്റെ രസത്തിൽ ലവ്ലീൻ ആയിരിക്കാൻ ഇഷ്ടമാണ് കാരണം ആത്മാവിന്റെ യഥാർത്ഥമായ സ്വരൂപമാണ്- ഏകരസം.

**വിടചൊല്ലുന്ന സമയത്ത് പുതു വർഷത്തിന്റെ ശുഭാരംഭത്തിന്റെ ആശംസകൾ-**

നാല് ഭാഗത്തുമുള്ള പ്രിയപ്പെട്ടവരും ഭാഗ്യശാലികളുമായ സർവ്വ കുട്ടികൾക്കും വിശേഷിച്ച് പുതിയ ഉത്സാഹം, പുതിയ ഉണർവ്വിന്റെ ഓരോ നിമിഷത്തിന്റെ ആശംസകൾ. സ്വയവും വജ്രമാണ്, ജീവിതവും വജ്രമാണ്, ഡയമണ്ട് മോർണിംഗ്, ഈവിനിംഗ്, ഡയമണ്ട് നൈറ്റ് സദാ ആയിരിക്കണം. ഈ വിധിയിലൂടെ വളരെ പെട്ടെന്ന് തന്റെ രാജ്യം സ്ഥാപിക്കും, രാജ്യം ഭരിക്കും. തന്റെ രാജ്യം പ്രിയപ്പെട്ടതല്ലേ. അതിനാൽ ഇപ്പോൾ എത്രയും പെട്ടെന്ന് രാജ്യം കൊണ്ടു വരൂ, രാജ്യം ഭരിക്കൂ. തന്റെ രാജ്യം മുന്നിൽ കാണപ്പെടുന്നുണ്ടല്ലോ. അതിനാൽ ഇപ്പോൾ ഫരിസ്ഥയാകൂ, ദേവതയാകൂ. നാനാ ഭാഗത്തുമുള്ള കുട്ടികൾ വിശേഷിച്ച് കോടിമടങ്ങ് സ്നേഹ സ്മരണകൾ സ്വീകരിച്ചാലും. വിദേശികൾ, ദേശത്തുള്ളവർ തപസ്യയുടെ ഉണർവ്വിലും ഉത്സാഹത്തിലും നല്ലവരാണ്, തപസ്യയുള്ളയിടത്ത് സേവനമുണ്ട്. സദാ സഫലതയുടെ ആശംസകൾ. ഓരോരുത്തരും ഇങ്ങനെയുള്ള നവീനത കാണിക്കണം- മുഴുവൻ വിശ്വവും നിങ്ങളെ കാണണം. നവീനതയുടെ ലൈറ്റ് ഹൗസാകണം. ശരി. ഓരോരുത്തരും സ്വയത്തിനായി സ്നേഹ സ്മരണയും ആശംസകളും സ്വീകരിച്ചാലും.

## വരദാനം- ശുദ്ധമായ സങ്കല്പം, ശ്രേഷ്ഠമായ കൂട്ട്കെട്ടിലൂടെ ഭാര രഹിതരായി സന്തോഷത്തിന്റെ നൃത്തം ചെയ്യുന്ന അലൗകീക ഫരിസ്ഥയായി ഭവിക്കട്ടെ.

നിങ്ങൾ ബ്രാഹ്മണ കുട്ടികൾക്ക് ദിവസേനയുള്ള മുരളി തന്നെയാണ് ശുദ്ധമായ സങ്കല്പം. എത്ര ശുദ്ധ സങ്കലപ്മാണ് ബാബയിലൂടെ ദിവസവും അതിരാവിലെ ലഭിക്കുന്നത്, ഈ ശുദ്ധമായ സങ്കല്പങ്ങളിൽ ബുദ്ധിയെ ബിസിയാക്കി വയ്ക്കൂ, സദാ ബാബയുടെ കൂട്ട്കെട്ടിലിരിക്കൂ എങ്കിൽ ഭാരരഹിതരായി സന്തോഷത്തിൽ നൃത്തം ചെയ്തു കൊണ്ടിരിക്കും. സന്തോഷമായിരിക്കുന്നതിനുള്ള സഹജമായ സാധനമാണ്-സദാ ഭാരരഹിതമായിരിക്കൂ. ശുദ്ധമായ സങ്കല്പം ഭാരരഹിതമാണ്, വ്യർത്ഥ സങ്കല്പം ഭാരമുള്ളതാണ് അതിനാൽ സദാ ശുദ്ധമായ സങ്കല്പങ്ങളിൽ ബിസിയായിരുന്ന് ഭാരരഹിതമാകൂ, സന്തോഷത്തിന്റെ നൃത്തം ചെയ്തു കൊണ്ടിരിക്കൂ എങ്കിൽ പറയാം അലൗകീക ഫരിസ്ഥ.

## സ്ലോഗൻ- പരമാത്മ സ്നേഹത്തിന്റെ പാലനയുടെ സ്വരൂപമാണ്- സഹജയോഗി ജീവിതം.